കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം ജില്ലാ കാര്യലയം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഇ.കെ.എം.(ബി.പി.)300/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
e-mail.lfadekm@gmail.com
0484- 2422271
തീയതി. 11/03/2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ,
ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്.(സെക്രട്ടറി മുഖേന)

.
സർ,

വിഷയം : ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
**********************************

. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

.

വിശ്വസ്തതയോടെ,

.
ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്</u> :-
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വ.കുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്പ് മെന്റ് കമ്മീഷണർ,എറണാകുളം
3)കാര്യാലയ പകർപ്പ്.

.
നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)300/2019

തീയതി :11/03/2019

എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ

# ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*** **********************************

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

. എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച വിശദീകരണവും മറുപടിയും പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ.ജി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.02.2019 മുതൽ<br>27.02.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റെസിയാ ബീവി ജെ,<br>ഓഡിറ്റ് ഓഫീസർ |
| | ഷെഫീക്ക് എം, ,<br>സീനി.ഗ്രേഡ് ഓഡിറ്റർ |
| | ജോർജ്ജുകുട്ടി ജോസഫ്,<br>സീനി.ഗ്രേഡ് ഓഡിറ്റർ |

.

നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീ.എം.ആർ.ആന്റണി | 01.04.2017 | 31.03.2018 |
| സെക്രട്ടറി | ശ്രീ.ഇ.എസ്.കുഞ്ഞുമോൻ | 01.04.2017 | 31.03.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി സാറാസൂര്യ ജോർജ് | 01.04.2017 | 15-10-17 |
| | ശ്രീ.ടൈറ്റസ് | 16-10-2017 | 31.03.2018 |
| അസിസ്റ്റന്റ് കൃഷി ഡയറക്ടർ | ശ്രീമതി.ഷീബ കെ.എസ്. | 01.04.2017 | 21-10-2017 |
| | ശ്രീമതി സജിമോൾ | 23-10-2017 | 31-3-2018 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.പ്രിയദർശിനി കെ ഗ്രിഗോറിയസ് | 01.04.2017 | 12-7-2017 |
| | ശ്രീ ജയപ്രകാശ് | 13-7-2017 | 31.03.2018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. അഞ്ജുകുര്യൻ | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,മാലിപ്പുറം | ഡോ. അപ്പു സിറിയക്ക് | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,പിഴല | ഡോ. അനപ്രീത | 1-4-2017 | 28-7-2017 |
| | ശ്രീലാൽ | 29-7-2017 | 8-8-2017 |
| | ദീലിപ് | 9-8-2017 | 28-3-2018 |
| | ദിവ്യ ജേക്കബ് | 29-3-2018 | 31-3-2018 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,ചേരാനെല്ലൂർ | ഡോ .ശ്രീരേഖ | 01.04.2017 | 31.03.2018 |

| | | | |
|---|---|---|---|
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ,ഇടപ്പള്ളി | ശ്രീമതി. മാലതി | 01.04.2017 | 31.03.2018 |
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ,ഇടപ്പള്ളിഅഡീഷണൽ | ശ്രീമതി.ശ്രീകമാരി | 01.04.2017 | 31.03.2018 |
| വ്യവസായവികസന ഓഫീസർ | ശ്രീ ജാസ്മിൻ ബി. | 01.04.2017 | 31.03.2018 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-10 |
| | ഭാഗം 2<br>വരവ് കണക്കുകളിൽ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. | 2-1 |
| | ഭാഗം- 3<br>ചെലവ് കണക്കുകളിൽ മേലുള്ള ഓഡിറ്റ് നിരീക്ഷണൾ | |
| 12 | ചെലവുസംബന്ധമായ രേഖകൾ ഹാജരാക്കിയില്ല. | 3-1 |
| 13 | ദർഘാസ് പരസ്യങ്ങൾ - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 3-2 |
| 14 | അസിസ്റ്റന്റ് ഡയറക്ടർ കൃഷി- നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 3-3 |
| 15 | മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയില്ല | 3-4 |
| 16 | വിനിയോഗസാക്ഷ്യപത്രം ,ചെലവു രേഖകൾ,ക്വട്ടേഷനുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല | 3-5 |
| 17 | ബ്ളോക്ക് വിഹിതം - യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. | 3-6 |
| 18 | എസ്.സി ഗ്രൂപ്പുകൾക്ക്സ്വയം തൊഴിൽ സംരംഭങ്ങൾ -പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. | 3-7 |
| 19 | ഇടപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് എസ്.സി.പി.ഫണ്ട് വിനിയോഗം സംബന്ധിച്ച് | 3-8 |
| | ഭാഗം 4 | |
| | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 21 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 27 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 30 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 31 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 32 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 33 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

16-3-17തീയതിയിലെ 1(1).തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-18 | 28-5-18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 5.10.18 – 6.10.18 | കെ.എസ്.എ.-ഇ.കെ.എം(ബി.പി) 2070/18 dt12-10-18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,47,76,570/- |
| വരവ് | 3,24,29,330/- |
| ആകെ | 4,72,05,900/- |
| ചെലവ് | 3,37,61,260/- |
| നീക്കിയിരിപ്പ് | 1,34,44,640/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 21273721 | 21273721 | 18898711 | 0 | 2375010 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8629244 | 8629244 | 4948870 | 0 | 3680374 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 162000 | 162000 | 138269 | 0 | 23731 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2660000 | 2660000 | 2655224 | 0 | 4776 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 107 | 36585359 | 64 | 23986210 | 38 | 5 | 60 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-2-19. ന് ജോയിന്റ് ബി.ഡി.ഒ യുടെസാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് വരവില്ല എന്ന വിവരം ബോധ്യപ്പെട്ടു.

.

## 1-8 ആഭ്യന്തരനിയന്ത്രണം

1) ഓരോ വർഷവും സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2) ഇൻക്യുബൻസി രജിസ്റ്റർ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടേയും വിവരങ്ങൾ ഉൾപ്പെടുത്തി കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-8-18 | 2017-18 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5-4-17 | 2015-16 | 20-5-17 |

## 1-10 വാർഷികകണക്കുകളിലെ അപാകതകൾ

അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന സാംഖ്യ സ്റ്റേഷനറികളുടേയും മാനവൽ രസീതുബുക്കുകളുടേയും സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. ഭൗതികപരിശോധനയിൽ ക്രമനമ്പർ 1208196 മുതൽ 1208500 വരെ 304 എണ്ണം സാംഖ്യരസീതുകൾ ഉള്ളതായി കണ്ടു. കൂടാതെ മാനവൽ രസീതുബുക്കിന്റെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്ക് ഹാജരാക്കിയില്ല. മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/26.2.19) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ രസീതുകളുടെ സ്റ്റോക്കിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചെലവുസംബന്ധമായ രേഖകൾ ഹാജരാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്തിൽ 19.8.17, 21.8.17, 24.8.17 തീയതികളിൽ വിവിധ ശുചീകരണപ്രവൃത്തികൾ നടത്തിയതിനും, വാഹനം വാടകയ്ക്ക് എടുത്തതിനുമായി ചെലവുവന്ന തുക 11400/-രൂപ ഹെഡ്ക്ലർക്ക് ശ്രീ ഫ്രാങ്ക് ഹോബ്സൺ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ചെലവുസംബന്ധമായ രേഖകൾ വൗച്ചറിനോടൊപ്പം സമർപ്പിച്ചിട്ടില്ല. (കണ്ടിജന്റ് ബിൽ നമ്പർ 81/2017-18, തീയതി 11.9.2017, ചെക്ക് നമ്പർ 2308534 തീയതി 11.9.17). മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/26.2.19) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ചെലവുരേഖകളുടെ അഭാവത്തിൽ 11400/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവു സംബന്ധമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-2 ദർഘാസ് പരസ്യങ്ങൾ - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

പൊതുഭരണ (ഇൻഫോർമേഷൻ & പബ്ലിക് റിലേഷൻസ്-ഡി) വകുപ്പ് സ.ഉ.(അച്ചടി)01/04/ഐ & പി.ആർ , തീയതി 01.01.2004 പ്രകാരം പരസ്യങ്ങൾ വിൻഡോ രൂപത്തിൽ മാത്രമായിരിക്കേണ്ടതും, വിവിധ ആവശ്യങ്ങൾക്കുള്ള പരസ്യങ്ങൾ സംയോജിപ്പിച്ച് നൽകേണ്ടതുമാണ്. എന്നാൽ ബ്ലോക്ക്പഞ്ചായത്തിൽ 2017-18 സാമ്പത്തികവർഷത്തിൽ വിവിധ പരസ്യങ്ങൾ സർക്കാർ നിർദ്ദേശം പാലിക്കാതെ നൽകിയതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.അനുവദനീയമായതിലും അധികം വലുപ്പത്തിൽ പരസ്യം നൽകി.

10.8.17 തീയതിയിൽ മംഗളം ദിനപത്രത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് 3 സെന്റിമീറ്റർ X 2 കോളം വിൻഡോപരസ്യം നൽകുന്നതിനുപകരം പൂർണ്ണരൂപത്തിൽ പരസ്യം നൽകി (8 സെന്റിമീറ്റർ X 3 കോളം). പരസ്യത്തിന് മംഗളം ദിനപത്രം സമർപ്പിച്ച ബിൽ നമ്പർ MDE 559/17 തീയതി 5.8.17- ന് ചെക്ക്നമ്പർ 2308537/15.9.17 പ്രകാരം 12021 രൂപ നൽകിയിട്ടുണ്ട് കണ്ടിജന്റ്ബിൽ നമ്പർ 84/17-18/15.9.17 .

2. ഒരേ ദിവസം ഒരു ദിനപത്രത്തിൽ രണ്ടു ദർഘാസ് പരസ്യം നൽകി.

മംഗളം ദിനപത്രത്തിൽ 16.11.17 തീയതിയിൽ നൽകിയ പരസ്യത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കണ്ടിജന്റ്ബിൽ നമ്പർ 125/17-18 തീയതി 13.12.17 ചെക്ക് നമ്പർ 2308598 തീയതി 9.1.2018

| ബിൽ നമ്പർ | തീയതി | പരസ്യചാർജ്(രൂ.) | വിഷയം |
|---|---|---|---|
| MDE 2062/17 | 16.11.17 | 3342 | 17-18 വിവിധ മരാമത്തു പ്രവൃത്തികൾ |
| MDE 2052/17 | 16.11.17 | 4927 | മാലിപ്പുറം സി എച്ച് സി ഇലക്ട്രിഫിക്കേഷൻ |

3. അടുത്തടുത്ത ദിവസങ്ങളിൽ ഒരേ ദിനപത്രത്തിൽ ഒരേ വിഷയത്തിൽ രണ്ടു പരസ്യം വീതം നൽകി.

മംഗളം ദിനപത്രത്തിൽ 08.02.18, 09.02.18 തീയതികളിൽ നൽകിയ പരസ്യത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കണ്ടിജന്റ്ബിൽ നമ്പർ 186/17-18 തീയതി 16.03.18, ചെക്ക് നമ്പർ 2487726 തീയതി 16.3.2018.

| ഇൻവോയിസ് നം. | തീയതി | വിഷയം |
|---|---|---|

| | | |
|---|---|---|
| MDE 3336/18 | 08.02.18 | 17-18 -ലെ വിവിധ മരാമത്തു പ്രവൃത്തികൾ |
| MDE 3335/18 | 08.02.18 | 17-18 -ലെ വിവിധ മരാമത്തു പ്രവൃത്തികൾ |
| MDE 3336/18 | 09.02.18 | 17-18 റീ ടെൻഡർ മരാമത്തു പ്രവൃത്തികൾ |
| MDE 3335/18 | 09.02.18 | 17-18 – ലെ രണ്ടു മരാമത്തു പ്രവൃത്തികള് |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/25.2.19) ലഭ്യമാക്കിയ മറുപടിയിൽ തുടർന്നുള്ള പരസ്യങ്ങൾ സർക്കാർ നിർദ്ദേശപ്രകാരം നൽകുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. ദർഘാസ് പരസ്യങ്ങൾ നൽകുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-3 അസിസ്റ്റന്റ് ഡയറക്ടർ കൃഷി- നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

അസിസ്റ്റന്റ് ഡയറക്ടർ കൃഷി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം, പേര് | ബില്ല് നം, തുക, തുക നല്കിയത് | അപാകത |
|---|---|---|
| 35/18,പൊക്കാളി കൃഷിക്ക് നെൽവിത്ത് വിതരണം | 4/17-18dt24-6-17,50000രൂപ,kerala state seed development authority<br>5/17-18 dt 24-6-17, 25000രൂപ, santhigiri ashramam | നെൽവിത്ത്ഉണഭോക്താക്കൾക്ക്<br>വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല |
| 36/18,വനിത ഗ്രൂപ്പുകൾക്ക് പച്ചക്കറിതൈ നേഴ്സറി | 7/17-18 dt 28-6-17, 176109രൂപ, agro service centre | പച്ചക്കറിതൈ ലഭിച്ചതിന്റെ രേഖകൾ,പച്ചക്കറിതൈ ഉണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയില്ല |
| | 251109 രൂപ | |

മേൽ പറഞ്ഞ അപാകത സംബന്ധിച്ച് 26-2-19ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം 7ന് മറുപടി ലഭ്യമാക്കിയില്ല ആയതിനാൽ 251109രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു

## 3-4 മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ മാലിപ്പുറം സി.എച്ച്.സി നിർവ്വണ ഉദ്യോഗസ്ഥനായിനടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിലേക്ക് മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യാൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 838960രൂപ നല്കി (മരുന്ന്-789101രൂപ + മെഡിക്കൽ ഉപകരണങ്ങൾ-49859 രൂപ) യെങ്കിലും നാളിതു വരെ മെഡിക്കൽ ഉപകരണങ്ങൾ,മരുന്ന് എന്നിവ ലഭ്യമാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം ,പേര്', | ഇനം | നല്കിയ തുക | ബിൽ നം |
|---|---|---|---|
| 81/18 മാലിപ്പുറം സി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ | മരുന്ന് | 270000രൂപ | 7/17-18,8-3-18 |
| 112/18,പാലേറ്റീവ് കെയർ | മരുന്ന് | 460671രൂപ<br>58430രൂപ | 4/17-18,23-2-18<br>6/17-18,28-2-18 |
| 112/18,പാലേറ്റീവ് കെയർ | മെഡിക്കൽ ഉപകരണങ്ങൾ | 92067രൂപ (42208 /- രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചു )<br>ബാക്കി 49859രൂപ | 4/17-18,23-2-18 |
| ആകെ | | 838960രൂപ | |

മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കാൻ നടപടി സ്വകരിക്കാത്തത് സംബന്ധിച്ച് 26-2-19ൽ നല്കിയ ഓഡിറ്റ്

എൻക്വയറി നം 8ന് മറുപടി ലഭ്യമാക്കിയില്ല ആയതിനാൽ 838960 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു

## 3-5 വിനിയോഗസാക്ഷ്യപത്രം ,ചെലവു രേഖകൾ,ക്വട്ടേഷനുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല

താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം, ചെലവു രേഖകൾ, ക്വട്ടേഷനുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി നമ്പർ /പേര്, നിർവഹണഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക, ബിൽ നം | ഹാജരാക്കേണ്ട രേഖ, നല്കേണ്ടയാൾ |
|---|---|---|
| 9/18, മാലിന്യസംസ്കരണം-ഹരിതകേരളം പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം, സെക്രട്ടറി | 400000രൂപ, 54/17-18 /22-3-18 | വിനിയോഗ സാക്ഷ്യപത്രം, സെക്രട്ടറി, ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് |
| 101/18, എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വാർഡ് 17 അംഗൻവാടി കെട്ടിടം നിർമ്മിക്കാനായി വിഹിതം നൽകൽ,സെക്രട്ടറി | 500000രൂപ, 18/17-18/12-10-17 | വിനിയോഗ സാക്ഷ്യപത്രം, മിഷൻ ഡയറക്ടർ എം.ജി.എൻ.ആർ.ജി. എസ് തിരുവനന്തപുരം |
| 133/18, പി.എച്ച്.സി.പിഴലക്ക് പ്രോജക്ടർ വാങ്ങൽ, മെഡിക്കൽ ഓഫീസർ -പി.എച്ച്.സി പിഴല | 49950,5/17-18 /28-3-18 | ക്വട്ടേഷനുകൾ, മെഡിക്കൽ ഓഫീസർ- പി.എച്ച്.സി.പിഴല |
| ആകെ | 949950 രൂപ, | |

മേൽ പറഞ്ഞ രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് 26-2-19 ൽ നല്കിയ ഓഡിറ്റ് എൻക്വയറി നം 9 ന് ലഭ്യമാക്കിയ മറുപടി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണ് എന്നാണ്. മേൽ പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതു വരെ 949950/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 ബ്ളോക്ക് വിഹിതം - യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ മുളവുകാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ബ്ളോക്ക് വിഹിത പ്രകാരം താഴെ പറയുന്ന പ്രവർത്തികൾക്കായി ഇടപ്പള്ളി ബ്ളോക്ക് പഞ്ചായത്തിൽ നിന്നും എ.എക്സ്.ഇ. തുക കൈമാറിയിട്ടുണ്ട്. എന്നാൽ ടി പ്രവർത്തികൾ പൂർത്തികരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.വിശദവിവരം താഴെ പറയുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക | ബിൽ നം./തീയതി. |
|---|---|---|---|---|
| 1. | S0103/18 | മുളവുകാട് വാർഡ് 1 ശ്മശാനം നടപ്പാത ബ്ളോക്ക് വിഹിതം. | 500000 | 28/17-18 /15.2.18 |
| 2. | S0103/18 | മുളവുകാട് മണിയന്തിറ തിട്ടയിൽ നടപ്പാത കോൺക്രീറ്റിംഗ് തുടർച്ച- ബ്ളോക്ക് വിഹിതം. | 150000 | 30/17-18 /15.2.18 |
| 3. | S0103/18 | മുളവുകാട് വാർഡ് 2 സെന്റ് ജോസഫ് നടപ്പാത- | 500000 | 31/17-18 /15.2.18 |

| | | | | |
|---|---|---|---|---|
| | | ബ്ളോക്ക് വിഹിതം. | | |
| 4. | S0103/18 | മുളവുകാട് പഞ്ചായത്ത് വാട്ടർ ടാങ്ക് നടപ്പാത -കാന ഉയർത്തി നവീകരണം- ബ്ളോക്ക് വിഹിതം. | 500000 | 29/17-18 /15.2.18 |
| | | ആകെ | 1650000 | |

ടി പ്രവൃത്തികൾ പൂർത്തികരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25.2.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതിന്റെ വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-7 എസ്.സി ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ -പ്രോജക്റ്റ് നടപ്പിലാക്കിയിട്ടില്ല.

എസ്.സി ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ എന്ന പ്രോജക്റ്റ്( പ്രോജക്റ്റ് നം .80/18 ) നടപ്പിലാക്കുന്നതിനായി 800000/-രൂപ അടങ്കൽ വകയിരിത്തിയിട്ടുണ്ടെങ്കിലും ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ പ്രോജക്റ്റ് നടപ്പിലാക്കിയിട്ടില്ല.എസ്.സി, എസ്.റ്റി വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ വിഭാവനം ചെയ്യുന്ന പ്രോജക്റ്റുകൾ ആവശ്യത്തിന് ഫണ്ട് ലഭ്യമാക്കിയിട്ടും നിർവ്വഹണ ഉദ്യോഗസ്ഥ അത് നടപ്പിലാക്കാതിരുന്നത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. ബന്ധപ്പെട്ട സ്റ്റാൻഡിങ്ങ് കമ്മിറ്റിയും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പ്രോജക്റ്റ് നടപ്പിലാക്കാഞ്ഞതിന്റെ കാരണം ഓഡിറ്റിൽ വിശദമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.6/26.2.19)നൽകിയ മറുപടിയിൽ മാനദണ്ഡങ്ങൾ പാലിച്ച് തയ്യാറായി വന്ന ഗ്രൂപ്പുകൾ ഇല്ലായിരുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയലുകൾ ഒന്നും ഓഡിറ്റിൽ ഹാജരാക്കിയില്ല. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. വരും വർഷങ്ങളിൽ പ്രോജക്റ്റുകൾ ആവിഷ്കരിച്ച് കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്.

## 3-8 ഇടപ്പള്ളി ബ്ളോക്ക് പഞ്ചായത്ത് എസ്.സി.പി.ഫണ്ട് വിനിയോഗം സംബന്ധിച്ച്

2017-18 വർഷത്തെ എസ്.സി.പി.ഫണ്ട് വിനിയോഗം താഴെ ചേർക്കുന്നു.

| | |
|---|---|
| അലോട്ട്മെന്റ് | 8629244 |
| ചെലവ് | 4948870 |
| ചെലവ് ശതമാനം | 57.34 |

1994 ലെ കേരള പഞ്ചായത്തി രാജ് ആക്റ്റ് 172-ാം വകുപ്പ് 1-ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം പട്ടികജാതി പട്ടിക വർഗ്ഗ വികസനം

സംബന്ധിച്ച ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, നിർവ്വഹണോദ്യോഗസ്ഥനായ എസ്.സി.ഡി.ഒ 2017-18 വർഷത്തിൽ 2പ്രോജക്റ്റുകൾ ആണ് നടപ്പിലാക്കിയിട്ടുള്ളത്.

എ.എക്സ്.ഇ 5 പ്രോജക്റ്റുകളുമാണ് എസ്.സി.പി.ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഭൂരിഭാഗവുംകോളനിസമഗ്രവികസനം, റോഡ് റീടാറിംഗ്, റോഡ് നവീകരണം, തുടങ്ങിയ പ്രവൃത്തികൾക്കാണ് ഉപയോഗിച്ചത്. ബ്ളോക്ക് പഞ്ചായത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ, കുടുംബങ്ങളുടെ ഉന്നമനത്തിനായുള്ള പ്രോജക്റ്റുകൾ ആവിഷ്കരിച്ച്നടപ്പിലാക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുകയൊന്നും നല്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നല്കിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 32429330 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 33761260 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2051419 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |
| | | | |

.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 11400 | ശ്രീ.കുഞ്ഞുമോൻ,സെക്രട്ടറി |
| 3-3 | 251109 | ശ്രീമതി. ഷീബ കെ.എസ്., അസിസ്റ്റന്റ് കൃഷി ഡയറക്ടർ |
| 3-4 | 838960 | ശ്രീ. അപ്പു സിറിയക്ക്, മെഡിക്കൽ ഓഫീസർ, മാലിപ്പുറം സി.എച്ച്.സി. |
| 3-5 | 900000 | ശ്രീ. കുഞ്ഞുമോൻ, സെക്രട്ടറി |
| 3-5 | 49950 | ശ്രീ. ദിലീപ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. പിഴല |
| ആകെ | 2051419 | |

.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല
.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കുഞ്ഞുമോൻ,<br>സെക്രട്ടറി | സെക്രട്ടറി<br>ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | ശ്രീ.കുഞ്ഞുമോൻ<br>കാവ്യശ്രീ, പാലാത്തുരുത്ത്,<br>എളംകുളം , കടവന്ത്ര (P.O) |
| ഡോ. അപ്പ സിറിയക്,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. മാലിപ്പുറം | കോയിത്തറ പുത്തൻപറമ്പിൽ<br>ദർശന നഗർ, കാക്കനാട്. |
| ഡോ. ദിലീപ്<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. പിഴല | കാരിക്കുളങ്ങര വീട്<br>മാവേലിക്കര, ആലപ്പുഴ |
| ശ്രീമതി ഷീബ കെ.എസ്.<br>അസിസ്റ്റന്റ് കൃഷി ഡയറക്ടർ | പ്രോജക്ട് ഡയറക്ടർ,<br>ആത്മ, പത്തനംതിട്ട. | കാർത്തിക<br>പാലിയേക്കര, പാലസ് റോഡ്,<br>തിരുവല്ല, പത്തനംതിട്ട |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96,<br>1996-97 | എൽ.എഫ് ഇ (ബി.പി) 331/99<br>തീ. 14.10.99 | എല്ലാ<br>ഖണ്ഡികകളും |
| 1997-98 | എൽ.എഫ്.ഇ(സി)1037/02<br>തീ.3.12.01/30.3.02 | - |
| 1998-99 | എൽ.എഫ്.ഇ.(സി) 166/01<br>തീ12.1.02/27.3.02 | - |
| 2000-01 | എൽ.എഫ്.ഇ.(സി)728/05<br>തീ. 17.7.06 | - |
| 2005-06 | എൽ.എഫ്.ഇ(സി)196/08<br>തീ.4.8.08/28.4.09 | - |
| 2006-07 | എൽ.എഫ്.ഇ( സി) 197/08<br>തീ.4.8.08/28.4.09 | - |
| 2010-11,<br>2011-12 | എൽ.എഫ്.ഇ(ബി.പി)300/13<br>തീ.23.4.13/14.5.13 | - |
| 2013-14 | കെ.എസ്.എ-ഇ.കെ.എം (ബിപി.1)<br>1456/2015<br>തീ. 13/8/2015 | - |
| 2014-15,<br>2015-16 | കെ.എസ്.എ-ഇ.കെ.എം (ബിപി.1)<br>1574/2016തീ 5.10.16 | - |
| 2016-17 | കെ.എസ്.എ-ഇ.കെ.എം<br>(ബിപി.)2037/2017തീ.15.12.2017 | - |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.-ഇ.കെ.എം.(ബി.പി)300/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കാക്കനാട്
എറണാകുളം – 682030
ഫോൺ 0484 2422271
ഇ മെയിൽ – doekm.ksad@kerala.gov.in
തീയതി – 11/03/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ജോയിന്റ് ഡയറക്ടർ

:

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ

ഉൾപ്പെടുത്തിയിട്ടില്ല.

2. ആസ്തി രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ല.

.

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്.